പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **60** 29/06/2016-ൽ മറുപടിക്ക്

# വൈദ്യുതി കണക്ഷനും വൈദ്യുതി ഉപഭോഗവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എം. ഷാജി<br>,, മഞ്ഞളാംകുഴി അലി<br>,,സി.മമ്മൂട്ടി<br>,,എൻ. എ. നെല്ലിക്കുന്ന്. | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി കണക്ഷൻ നല്കുന്ന കാര്യത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കുമോ; | (എ) 27363 എണ്ണം പുതിയ വൈദ്യുത കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ബി.പി.എൽ. വിഭാഗത്തിൽപെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നല്കാനുള്ള തീരുമാനം എത്ര കുടുംബങ്ങൾക്ക് ആശ്വാസം നല്കുമെന്നതു സംബന്ധിച്ച് വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്താമോ; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം കേരളത്തിലെ 41,885 ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.<br>കൂടാതെ സംസ്ഥാന സർക്കാർ ധനസഹായത്തോടെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് സൗജന്യ വൈദ്യുത കണക്ഷനുകൾ നൽകി വരുന്നു.<br>01.04.2014 മുതൽ 29.02.2016 വരെയുള്ള കാലയളവിൽ പുതിയതായി ലൈൻ വലിയ്ക്കേണ്ട ആവശ്യമില്ലാത്ത, 500 വാട്ട്സ് വരെയുള്ള ബി.പി.എൽ വിഭാഗക്കാർക്ക് 4386 സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് ഗാർഹിക ഗാർഹികേതര വൈദ്യുതി ഉപഭോഗ അനുപാതത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള വ്യതിയാനം സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള, വൈദ്യുതി ഉപഭോഗത്തിലുള്ള വ്യതിയാനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, നിലവിലെ മീറ്ററിംഗ് സമ്പ്രദായമനുസരിച്ച് ജൂലായ് മാസം അവസാനത്തോടുകൂടി മാത്രമേ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ